**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4760** **27.10.2016 -ൽ മറുപടിക്ക്**

**അയിലം പാലം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) അയിലം പാലത്തിന്റെ പൂർത്തീകരണം അനന്തമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) അയിലം പാലത്തിന്റെ പൂർത്തീകരണ പ്രവർത്തനങ്ങളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) പ്രസ്തുത പാലത്തിന്റെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം പണികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പാലത്തിന്റെ പൂർത്തീകരണത്തിന് അവശേഷിക്കുന്ന പണികൾ താഴെപ്പറയുന്നു.<br>• പാലത്തിന്റെ ഇരുഭാഗത്തുമുള്ള അപ്രോച്ച് റോഡ്<br>• അയിലം ഭാഗത്തെ സ്ലാബ്<br>• പാലത്തിന്റെ കൈവരി, നടപ്പാത മുതലായവ |
| (സി) അയിലം പാലം നിർമ്മാണത്തിന് എത്ര തുക അനുവദിച്ചെന്നും, ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും, നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) 621 ലക്ഷം രൂപയാണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ളത്. ഇതുവരെ 4,60,49,427.92 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ കരാറുകാരന് നൽകിയിട്ടുള്ള അവസാന തീയതി 31.10.2016 ആണ്. |
| (ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൻമേൽ പേയ്മെന്റ് നടന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) ഇതുവരെ 3,72,19,617/- രൂപയുടെ പെയ്മെന്റ് നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**